BISHOP'S HOUSE
COCHIN - 682 001, S. INDIA

Phone: 0484 2215400 (Office)
Fax: 0484 2215404
bpjosephkariyil@gmail.com

**PL/07/2016**

പ്രിയ സഹോദരൻമാരേ,

കർത്താവിന്റെ വിളി കേട്ട് അബ്രാം ഭാര്യയോടും സ്വന്തമായ സകലത്തോടുംകൂടെ ഈജിപ്റ്റിൽനിന്ന് നെഗബിലെയ്ക്കു പോയി. സഹോദരപുത്രനായ ലോത്തും അബ്രാമിനോടു കൂടെപ്പോയി. അവിടെ താമസമാക്കിയപ്പോൾ അവർക്കും ധാരാളം സമ്പത്തുക്കളും കന്നുകാലികളും ഉണ്ടായി. ഭൃത്യന്മാർ തമ്മിൽ കലഹം പതിവായി; ഒന്നിച്ചു പാർക്കുക വയ്യാത്തവിധം കലഹങ്ങൾ മൂർച്ഛിച്ചു; അബ്രാം ലോത്തിനോടു പറഞ്ഞു: നമുക്കു പിരിയാം. ഇടതു ഭാഗമാണ് നിനക്കു വേണ്ടതെങ്കിൽ ഞാൻ വലത്തേയ്ക്ക് പോയിക്കൊള്ളാം. വലത്തുഭാഗമാണു നിനക്കിഷ്ടമെങ്കിൽ ഞാൻ ഇടത്തേയ്ക്കുപോയിക്കൊള്ളാം. കർത്താവിന്റെ തോട്ടം പോലെ തോന്നിപ്പിച്ച, ഫലപുഷ്ടിയുള്ള ജോർദാൻ സമതലമുൾപ്പെടുന്ന ഭാഗം ലോത്ത് തിരഞ്ഞെടുത്തു. ലോത്ത് സോദോമിനടുത്തു കൂടാരമടിച്ചു. അവിടത്തെ മനുഷ്യർ ദുഷ്ടന്മാരും കർത്താവിന്റെ മുമ്പിൽ പാപികളുമായിരുന്നുവെന്ന കാര്യം ലോത്ത് പരിഗണിച്ചില്ല. ലോത്ത് തിരഞ്ഞെടുത്ത “നല്ല ഭാഗം” ആകാശത്തു നിന്ന് അഗ്നിയിറങ്ങി നശിപ്പിക്കപ്പെട്ട സോദോം ഗൊമോറോ ആയി! കർത്താവിന്റെ വിളി കിട്ടിയത് അബ്രാമിനാണെന്ന് ലോത്തിന് അറിയാത്തതല്ല. “നീ അനുഗ്രഹമായിരിക്കും” എന്ന വാഴ്വ് അബ്രാമിനായിരുന്നു; “ആദ്യ പങ്ക് അങ്ങ് തന്നെ എടുത്തോ! എനിക്കു ബാക്കി മതി” എന്ന് ലോത്തിന് പറയാമായിരുന്നു; ലോത്ത് പറയണമായിരുന്നു! പക്ഷേ, ലോത്ത് അങ്ങനെ പറഞ്ഞില്ല! അനുഭൂതിയേക്കാൾ ആർത്തിയാണ് ലോത്തിന്റെ മനസ്സിനെ ഭരിച്ചിരുന്നതെന്നു മനസ്സിലാക്കാം.

ഏറ്റവും നല്ല ഭാഗം തനിക്കു വേണമെന്ന ചിന്ത, അതു കൈക്കലാക്കാനുള്ള ഉപജാപങ്ങൾ, മനുഷ്യസ്വഭാവത്തിൽ അന്തർലീനമാണെന്നു വരുമോ? ഈസോപ്പുകഥകളും പഞ്ചതന്ത്രകഥകളുംമറ്റും മൃഗങ്ങളെ കഥാപാത്രമാക്കി മനുഷ്യന്റെ ഈ സ്വാർത്ഥതയെക്കുറിച്ച് പറഞ്ഞു തരുന്നുണ്ട്. ഒരു ഈസോപ്പുകഥയായ “സിംഹഭാഗം” (Lion’s Share) വായിച്ചുനോക്കാം. ഒരു കോലാട്, ഒരു ചെമ്മരിയാട്, ഒരു പശു, ഒരു സിംഹം – നാലു പേരുമൊരുമിച്ച് വേട്ടയ്ക്കിറങ്ങി. കിട്ടിയ ഇരയെ നാലായി വീതിക്കാൻ സിംഹംതന്നെ മുന്നോട്ടു വന്നു. സിംഹം പറഞ്ഞു: “കാട്ടിലെ രാജാവ് എന്ന നിലയിൽ ആദ്യ പങ്ക് ഞാനെടുക്കുന്നു; നാലിലൊരാൾ എന്ന നിലയിൽ എനിക്കവകാശപ്പെട്ട ഒരു പങ്കും ഞാൻ എടുക്കുന്നു; നമ്മളിൽ ഏറ്റവും ശക്തനെന്ന നിലയിൽ ഒരു പങ്ക് എനിക്കവകാശപ്പെട്ടതാണല്ലോ. അത് ഞാനെടുക്കുന്നു; ബാക്കിയുള്ള നാലാം ഭാഗം എടുക്കാൻ വരുന്ന ആർക്കും ഒരപകടം പ്രതീക്ഷിക്കാം”. ഈ കഥയുടെ ഒരു പാഠഭേദം ഇങ്ങനെയാണ്; ഒരു കാട്ടുകഴുതയും സിംഹവും കൂടി വേട്ടയ്ക്കു പോയി. കിട്ടിയ ഇരയെ സിംഹം മൂന്നായി വിഭജിച്ചു. രാജാവ് താനാണെന്നു പറഞ്ഞ് സിംഹം ഒരു ഭാഗമെടുത്തു. ഒരു പാട്നർ എന്ന നിലയിൽ ഞാനൊരു ഭാഗമെടുക്കുന്നുവെന്ന് പറഞ്ഞ് മറ്റൊരു ഭാഗംകൂടിയെടുത്തു. ഇതു കണ്ട കാട്ടുകഴുത ഓടി രക്ഷപ്പെട്ടു! തന്നേക്കാൾ ശക്തരായവരുമായി കൂട്ടുകച്ചവടത്തിനു പോകരുത് എന്ന ഗുണപാഠമാണ് ഈ കഥയിലൂടെ ഈസോപ്പ് പഠിപ്പിക്കാനുദ്ദേശിച്ചത്. എല്ലാവർക്കും അവകാശപ്പെട്ട പൊതുമുതൽ കരുത്തും

കൗശലവുമൊക്കെ കാണിച്ച് ചിലർ മുഴുവനും കവരുന്നതിനെക്കുറിച്ചുള്ള കഥയാണിത്. ആദ്യ പങ്ക്, ഏറ്റവും നല്ല ഭാഗം, ആദ്യമെടുക്കുന്നവൻ എല്ലാ പങ്കും എടുക്കുന്നവനാകുന്ന വിരോധാഭാസമാണ് സിംഹഭാഗമെന്ന കഥ. കാട്ടുനീതി ഇക്കാലത്തെ നാട്ടുനീതിയാണ്. ലോത്ത് ഫലപുഷ്ടിയുള്ള ജോർദാൻ തടം അബ്രാമിനു കൊടുത്തിരുന്നെങ്കിൽ എന്താകുമായിരുന്നു എന്നു കൗതുകത്തിനുവേണ്ടിയെങ്കിലും സങ്കല്പിച്ചുനോക്കാം. അബ്രാമിന്റെ ഓഹരിയായ ആ നാടിന് മാനസാന്തരത്തിന്റെ ഒരവസരംകൂടി കിട്ടുമായിരുന്നുവെന്നു ഞാൻ കരുതുന്നു. ചെല്ലുന്നിടത്തെല്ലാം ''അനുഗ്രഹ" മായിരിക്കും എന്നല്ലേ അബ്രാമിന്റെ ജാതകവിശേഷം? ആർത്തിയിൽ കൈവശ പ്പെടുത്തുന്നതിനൊപ്പം അനുഭവയോഗം ഉണ്ടാവില്ല. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം...." (1 തിമോ. 6:7–10) – ഇതു പൂർവ്വപരമ്പരകളുടെ ജീവിതാനുഭവങ്ങളുടെ കേട്ടെഴുത്തല്ലേ?

ടോൾസ്റ്റോയിയുടെ പ്രഖ്യാതമായ കഥയാണ് 'How Much Land Does A Man Require'. സൂര്യോദയം മുതൽ സൂര്യാസ്തമനംവരെയുള്ള സമയംകൊണ്ട് അളന്നെടുക്കാവുന്ന ഭൂമി മുഴുവൻ സ്വന്തമാക്കാൻ ഒരു മനുഷ്യന് അനുവാദം കിട്ടി. രാവിലെ അളക്കാൻ തുടങ്ങിയിടത്ത് അന്തിക്കുമുമ്പ് തിരിച്ചെത്തിയിരിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ആവേശത്തോടെ അളന്ന് ഭുമി സ്വന്തമാക്കാൻ തുടങ്ങി. സമയം മറന്ന് അയാൾ അളന്നു കൊണ്ടിരുന്നു. സമയബോധം വന്നപ്പോൾ അയാൾ തിരിഞ്ഞോടാൻ തുടങ്ങി. ആരംഭിച്ചിടത്ത് എത്തുന്നതിനു തൊട്ടുമുമ്പ് അയാൾ മരിച്ചു വീഴുകയാണ്. മനുഷ്യന് ആറടിമണ്ണേ ആവശ്യമുള്ളു എന്ന് പറയുംപോലെ അയാൾ മരിച്ചുകിടക്കുന്നു!

യാക്കോബ് മൂപ്പവകാശവും മറ്റെല്ലാ അനുഗ്രഹങ്ങളും കൗശലമുപയോഗിച്ച് സ്വന്തമാക്കി. വിവരമറിയുമ്പോൾ "എനിക്കു വേണ്ടി ഒരു വരം പോലും അങ്ങ് നീക്കി വച്ചിട്ടില്ലേ" (ഉല്പ. 27:36) എന്ന് ഏസാവ് പിതാവിന്റെ മുമ്പിൽ വിലപിക്കുന്നുണ്ട്. ഏസാവിന്റെ കോപത്തിൽ നിന്ന് രക്ഷപെടാനായി യാക്കോബ് നാടുവിട്ടു. സ്വന്തം അമ്മാവനായ ലാബാന്റെയടുത്താണ് അയാളെത്തുന്നത്. ലാബാൻ യാക്കോബിനെ പലവട്ടം പറ്റിക്കുന്നുണ്ട്. സ്വന്തമായി ഒരു ജീവിതവും സ്വന്തം നാടും തേടി യാക്കോബ് തിരിച്ചു പോരാൻ ഒരുങ്ങി. തന്റെ സഹോദരനായ ഏസാവിന് സമ്മാനങ്ങളുമായിട്ടാണ് യാക്കോബ് തിരിച്ചുവരുന്നത്. അയാൾ സഹോദരന്റെയടുത്തെത്തുവോളം ഏഴുതവണ നിലംമുട്ടെ താണുവണങ്ങി. ഏസാവാകട്ടെ ഓടിയെത്തി അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. ഇരുവരും കരഞ്ഞു (ഉല്പ. 33:3-4) സമ്മാനങ്ങൾ കണ്ട് ഏസാവ് പറയുകയാണ്: "സഹോദരാ, എനിക്ക് അതെല്ലാം വേണ്ടത്രയുണ്ട്. നിന്റേത് നീ തന്നെ എടുത്തുകൊൾക" (33:9). എല്ലാം നഷ്ടപ്പെട്ടിരുന്നിട്ടും ഏസാവിന് ഒരു കുറവുമുണ്ടായില്ല.

നല്ല ഭാഗം ദൈവത്തിനു കാഴ്ചവയ്ക്കുന്ന ആബേലിൽ ദൈവം സംപ്രീതനായി; തന്റെ ധാന്യവിളകളിൽ ഒരു ഭാഗമെടുത്ത് ദൈവത്തിനു സമർപ്പിക്കുന്ന കായേനോട് "നീ ഉചിതമായി പ്രവർത്തിച്ചില്ല" എന്നാണ് കർത്താവ് പറഞ്ഞത്. കർത്താവിനു വേണ്ടിയുള്ള വ്യഗ്രതയായിട്ടുകൂടി മാർത്തായല്ല, ചാരെയിരുന്ന് വചനം ശ്രവിക്കുന്ന മറിയമാണ് നല്ല ഭാഗം തിരഞ്ഞെടുത്തതായി യേശു പറയുന്നത്. തനിക്കായി കരുതി വയ്ക്കാതെ നല്ലത് ദൈവത്തിനു കൊടുക്കുമ്പോഴാണ് കർത്തൃപ്രീതിയുണ്ടാവുന്നത്. സോളമനുണ്ടായ സ്വപ്നദർശനത്തെക്കുറിച്ച് രാജാക്കന്മാരുടെ ഒന്നാം പുസ്തകം മൂന്നാമദ്ധ്യായത്തിൽ ഒരു വിവരണമുണ്ട്. കർത്താവ് പറഞ്ഞു: "നിനക്ക് എന്തു വേണമെന്ന് പറഞ്ഞുകൊള്ളുക". സോളമന്റെ മറുപടി ഇതായിരുന്നു: "നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസനു നൽകിയാലും" (1 രാജാ. 3:9). കർത്താവ് പ്രസാദിച്ച് സോളമനെ അനുഗ്രഹിച്ചു: "നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ആവശ്യപ്പെടാതെ, നീതിനിർവ്വഹണത്തിനുവേണ്ട വിവേകം മാത്രമാണ് ആവശ്യപ്പെട്ടത്. നിൻെറ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു" (3:11–12) കർത്താവ് തരുന്ന "നല്ല ഭാഗം"

സോളമൻ ചോദിച്ചു വാങ്ങി. രണ്ടു സ്ത്രീകൾ ഒരു കുഞ്ഞിനു വേണ്ടി അവകാശവാദമുന്നയിച്ചപ്പോൾ ആ പ്രശ്നം അദ്ദേഹം കൈകാര്യം ചെയ്ത രീതി നോക്കുക! ജീവനുള്ള കുട്ടിയെ രണ്ടായി പകുത്ത് ഓരോ കഷണം ഓരോരുത്തർക്കും കൊടുക്കാൻ അദ്ദേഹം കൽപിച്ചു. അതുകേട്ട് കുട്ടിയുടെ യഥാർത്ഥ അമ്മ കുട്ടിയെ ജീവനോടെ തന്റെ എതിരാളിക്കു കൊടുക്കാൻ അപേക്ഷിച്ചു. രാജാവിന് യഥാർത്ഥത്തിലുള്ള അമ്മ ആരെന്നു മനസ്സിലായി. അവൾക്ക് കുട്ടിയെ കൊടുത്ത് സോളമൻ നീതി നടത്തി. കുട്ടിയുടെ ജീവന് ഉപരിമൂല്യം കൊടുക്കുകയും അതിനായി തന്റെ അവകാശം ഉപേക്ഷിക്കുകയും ചെയ്ത അമ്മ 'നല്ലഭാഗം' തിരഞ്ഞെടുത്തു – ദൈവദൃഷ്ടിയിലെ നല്ലഭാഗം (1 രാജാ. 3:16–28). സ്വയം നഷ്ടപ്പെടാൻ നിന്നുകൊടുക്കുന്നവനാണ് അവസാനം നേടുക. "എൻെറ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും" (മത്താ. 19:29) എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്.

വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നതും ഒന്നുകൊണ്ടും വിസ്തൃതി വർദ്ധിപ്പിക്കാൻ പറ്റാത്തതുമായ ഒന്നാണ് ഭൂമി. അവകാശികൾ അനുദിനം വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. ആർത്തിയും ലുബ്ധും അവകാശത്തർക്കങ്ങളും അതിനാൽതന്നെ സ്വാഭാവികമായുണ്ടാകും. ആകാശംപൊഴിച്ച മന്ന ആളൊന്നിന് ഒരു ഓമേർമാത്രം ശേഖരിക്കണമെന്ന കർശനനിർദ്ദേശമുണ്ടായിട്ടും ചിലർ കൂടുതലും ചിലർ കുറച്ചും ശേഖരിച്ച ചരിത്രം പൂർവ്വപിതാക്കന്മാർക്കുണ്ട്. ശേഖരിച്ച മന്ന അളന്നുനോക്കിയപ്പോൾ കൂടുതലോ കുറവോ ഉണ്ടായിരുന്നില്ല; "ഓരോരുത്തനും ശേഖരിച്ചത് അവനു ഭക്ഷിക്കാൻമാത്രം ഉണ്ടായിരുന്നു"വെന്ന പുറപ്പാടിലെ അനുഭവം നമ്മുടെ ജനങ്ങളെ നമ്മൾ പഠിപ്പിക്കേണ്ടതുണ്ട്. നാളേയ്ക്കു കരുതിവച്ചത് പുഴുത്തുമോശമായി എന്നതും അന്നത്തെ അനുഭവം. മറ്റുള്ളവരുടെ അനുഭവങ്ങൾ നമുക്ക് പാഠമാണെന്ന കാര്യമാണ് മനുഷ്യർ മറക്കുന്നത്. ഈ ഭൂമിയിൽ കുറേയേറെ വൈകിമാത്രം എത്തി ഇവിടെ ജീവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭാഗ്യങ്ങളിലൊന്ന് കടന്നുപോയ അനേകം തലമുറകളുടെ ജീവിതപാഠം നമുക്ക് മാർഗ്ഗദർശനമായുണ്ട് എന്നതാണ്. ഭൂമിയിലെ കരുതൽധനങ്ങൾ തുരുമ്പും കീടങ്ങളും നശിപ്പിക്കാനും കള്ളൻ തുരന്നുമോഷ്ടിക്കുവാനുമേ ഉപകരിക്കൂ. സ്വർഗ്ഗത്തിനുവേണ്ടിയുള്ള നിക്ഷേപങ്ങളാണ് ഭാവിയിലേക്കുള്ള യഥാർത്ഥ ഈടുവയ്പ്പുകളാവുന്നത്. "നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്താ. 6:21) എന്നത് തർക്കമില്ലാത്ത കാര്യമാണ്.

മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായികരുതുന്ന മനോഭാവമാണ് വിശ്വാസികൾക്കുണ്ടാകേണ്ടത് (ഫിലി. 2:3) എന്ന് വി. പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാൻ വന്നിരിക്കുന്നവർ തന്റെ തൽസ്വരൂപമായി അഭിഷേകംചെയ്ത് നിയോഗിക്കപ്പെട്ടവർ എന്നനിലയിൽ ഈ സ്വഭാവം നമ്മളിലാണ് ഏറ്റവുമധികം പ്രതിഫലിച്ചുകാണേണ്ടത്. ആദ്യപങ്ക് ആർക്കും എടുക്കാം; എനിക്കവസാനത്തേതുമതിയെന്നു ചിന്തിക്കാനും പ്രവർത്തിക്കാനും നമുക്കു സാധിക്കണം. വാഗ്ദാനപേടകവുമായി ജോർദ്ദാന്റെ മധ്യത്തിൽ നില്ക്കകയും ദൈവജനം മുഴുവനും ജോർദ്ദാന്റെ മറുകരയിലെത്തുംവരെ അവിടെത്തന്നെനിന്ന് അവസാനം കരയിലെത്തുകയും ചെയ്ത പുരോഹിതന്മാരുടെ പരമ്പര (ജോഷ 3:17) തന്നെയാവണം നമ്മളും. അപ്പോഴാണ് ദാവീദിനെക്കുറിച്ചെന്നപോലെ നമ്മളെക്കുറിച്ചും കർത്താവിന് പറയാനാവുക: "...എൻെറ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു" (അപ്പ. 13:22).

വാഗ്ദാനനാട്ടിലെത്തി പന്ത്രണ്ടുഗോത്രങ്ങൾക്കായി ഭൂമി വിഭജിച്ചുനല്കുമ്പോൾ കർത്താവു ലേവിപുരോഹിതൻമാർക്ക് ഓഹരി നല്കിയില്ല. "ഞാനാണു നിങ്ങളുടെ ഓഹരി" എന്നാണ് കർത്താവ് പറഞ്ഞത്. ദേവാലയത്തിനു കൊടുക്കേണ്ട ദശാംശത്തിൽനിന്നു വേണമായിരുന്നു അവർ അതിജീവനം കഴിക്കേണ്ടിയിരുന്നത്. ദരിദ്രനും വിധവയ്ക്കും പരദേശിക്കുംകൂടി അവകാശപ്പെട്ടതായിരുന്നു ദശാംശം എന്നും ഓർക്കേണ്ടതാണ്. ദശാംശം

സ്വീകരിക്കുന്ന പുരോഹിതനിൽനിന്ന് മറ്റൊരുകാര്യം ആവശ്യപ്പെട്ടിരുന്നു. ദരിദ്രനും വിധവയ്ക്കും പരദേശിക്കും ബാധകമല്ലാത്ത നിയമമായിരുന്നു അത്. "ഇസ്രായേലിൽനിന്നു ഞാൻ അവകാശമായി തന്നിരിക്കുന്ന ദശാംശം നിങ്ങൾ വാങ്ങുമ്പോൾ അതിൻെറ ദശാംശം കർത്താവിനു നീരാജനമായി സമർപ്പിക്കണം. നിങ്ങളുടെ ഈ കാഴ്ചമെതിക്കളത്തിൽനിന്നുള്ള ധാന്യംപോലെയും നിറഞ്ഞചക്കിൽനിന്നുള്ള വീഞ്ഞുപോലെയും പരിഗണിക്കപ്പെടും. ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം നിങ്ങൾ കർത്താവിനു നീരാജനം അർപ്പിക്കണം" (സംഖ്യ 18:26–28). അവകാശമായി ലഭിക്കുന്ന ദശാംശപങ്ക് ധാന്യം നിറഞ്ഞുകവിയുന്ന മെതിക്കളത്തിന്റെയും വീഞ്ഞുനിറഞ്ഞ ചക്കിന്റെയും അനുഭവമായി കണക്കാക്കണമെന്നാണ് നിയമം. ഹൃദയത്തിന്റെ നിറവാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. അതായത്, കർത്താവിനെ "അവകാശവും ഓഹരി"യുമായി സ്വീകരിച്ചിരിക്കുന്നവൻ ആർത്തിക്കു നിന്നുകൊടുക്കരുതെന്നും കുറഞ്ഞ വിഭവങ്ങൾകൊണ്ട് തൃപ്തിപ്പെടണമെന്നുമാണ് മനസ്സിലാക്കേണ്ടത്. പൂർവ്വപിതാവായ യാക്കോബ് ഏസാവിനെ ഭയന്ന് ലാബാന്റെ അടുത്തേയ്ക്ക് പലായനംചെയ്യുമ്പോൾ എടുക്കുന്ന പ്രതിജ്ഞ നോക്കുക: "ദൈവമായ കർത്താവ് എൻെറകൂടെ ഉണ്ടായിരിക്കുകയും, ഈയാത്രയിൽ എന്നെ സംരക്ഷിക്കയും, എനിക്ക് ഉണ്ണാനും ഉടുക്കാനും തരുകയും, എൻെറ പിതാവിൻെറ വീട്ടിലേക്കു സമാധാനത്തോടെ ഞാൻ തിരിച്ചെത്തുകയും ചെയ്താൽ കർത്താവായിരിക്കും എൻെറ ദൈവം" (ഉല്പ. 28:20–21). യാക്കോബിന് അത്രയുമേ വേണ്ടിയിരുന്നുള്ളു.

ദരിദ്രനും വിധവയും പരദേശിയും ആർഭാടജീവിടം ആഗ്രഹിച്ചാലും കിട്ടാത്തവരാണ്. അവരുടെ ജീവിതനിലവാരത്തിലുംതാഴെയുള്ള ഒരു ജീവിതനിലവാരമാണ് പുരോഹിതനു നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്നും നിഗമനമെടുക്കാവുന്നതാണ്. വളരെ വലിയ "സാമൂഹിക മൂലധന"മുള്ള സ്ഥാപനത്തിന്റെ നേതൃസ്ഥാനമോ ഉത്തരവുകാത്തുനിൽക്കുന്ന ദാസഗണങ്ങളുള്ള സ്ഥാനങ്ങളോ ഒന്നും നമ്മെ കൊതിപ്പിക്കാൻ പോന്നവയല്ല. അധികം നൽകപ്പെട്ടവനിൽ നിന്ന് അധികം ആവശ്യപ്പെടും എന്ന മുന്നറിയിപ്പ് ഭരമേൽപ്പിക്കപ്പെടുന്നത് അഞ്ചിനുപകരം മൂന്നോ ഒന്നോ ആയിപ്പോകുമ്പോഴുണ്ടാകാവുന്ന 'കെറുവി'നെ ഇല്ലാതാക്കുന്നതാണ്. അജപാലനപരമായ ഒരാവശ്യം വന്നപ്പോൾ പൊന്നും വെള്ളിയും കൈയ്യിലില്ലാതിരുന്നിട്ടും പത്രോസിനും യോഹന്നാനും ഒരു നിവൃത്തികേടും അനുഭവപ്പെട്ടില്ല (അപ്പ. 3:1–10). ഒരിടത്തെ നമ്മുടെ സാന്നിധ്യത്തിന്റെ അർത്ഥം, ലക്ഷ്യം വിശ്വാസവളർച്ച എന്നതു മാത്രമായിരിക്കേ, ഒരു പരസ്യവാചകം പോലെ "പണത്തിന് ആവശ്യം?" എന്ന സമസ്യയ്ക്ക് "ആവശ്യത്തിന് പണം" എന്ന ഉത്തരമുണ്ടാകും. പ്രചോദിപ്പിക്കുന്ന ഒരു ലക്ഷ്യം മുന്നിൽ വയ്ക്കുകയും തന്നെ വിശ്വസിക്കാമെന്ന് ഉറപ്പ് വരുത്തുകയും ചെയ്താൽ പാവപ്പെട്ട ജനംതന്നെ സർവ്വസന്നാഹങ്ങളുമായി എത്തുന്ന അനുഭവങ്ങൾ നമ്മുടെ മുന്നിൽ ഇക്കാലത്തുമുണ്ടല്ലോ. "നിങ്ങൾ അദ്ധ്വാനിക്കാത്ത ഭൂമിയും നിങ്ങൾ പണിയാത്ത പട്ടണങ്ങളും നിങ്ങൾക്കു ഞാൻ തന്നു; നിങ്ങൾ ഇന്നിവിടെ വസിക്കുന്നു. നിങ്ങൾ നട്ടുവളർത്താത്ത മുന്തിരിത്തോട്ടത്തിൻെറയും ഒലിവുതോട്ടത്തിൻെറയും ഫലം നിങ്ങൾ അനുഭവിക്കുന്നു" (ജോഷ്വാ 24:13) വെന്നത് എന്റേയും നിങ്ങളുടേയും അനുഭവയാഥാർത്ഥ്യമാണ്. "ഈ നാൽപതു സംവത്സരം നിങ്ങളുടെ വസ്ത്രങ്ങൾ പഴകി കീറിപ്പോവുകയോ കാലുകൾ വീങ്ങുകയോ ചെയ്തില്ല" (നിയമാ 8:4) എന്ന ദൈവവചനം പ്രാണവായുപോലെ നമ്മളെ പൊതിഞ്ഞു നിൽക്കുന്ന ദൈവപരിപാലനയുടെ ഉറപ്പല്ലേ? അതേ, കർത്താവ് അവകാശവും ഓഹരിയും ആയിരിക്കുന്നതുപോലെ സുരക്ഷിതമായ ഒരു ജീവിതവ്യവസ്ഥ വേറെയില്ല.

ഫോർട്ടുകൊച്ചി
30.04.2016

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ